**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 03.02.2016-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8.15 മണിക്ക് ബഹു. നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.01.2016-ലെ മിനിട്സ് അംഗീകരിച്ചു

**2. പൊതുവിഷയങ്ങൾ**

**2.1** **1215** തദ്ദേശഭരണ സ്ഥാപനങ്ങൾ **2154.47** കോടി രൂപ (**35.45** %) ചെലവഴിച്ച തായും ഇതിൽ **977** ഗാമപഞ്ചായത്തുകൾ **1267.12** കോടി രൂപയും (**39.85** %), **152** ബ്ലോക്ക് പഞ്ചായത്തുകൾ **293.69** കോടി രൂപയും **40.07 %)** **14** ജില്ലാ പഞ്ചായത്തുകൾ **263.16** കോടി രൂപയും (**29.00**%), **67** മുനിസിപ്പാലിറ്റികൾ **201.51** കോടി രൂപയും, (**31.44**%), **5** കോർപ്പറേഷനുകൾ **128.98** കോടി രൂപയും (**23.13** %), ചെലവഴിച്ചതായി റിപ്പോർട്ട് ചെയ്തു.

**2.2** 2016-17-ലെ പദ്ധതി മാർഗരേഖയിൽ വ്യക്തത വരുത്തുന്നതിനായി പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, പ്ലാനിംഗ് ബോർഡ് അധികാര വികേന്ദ്രീകരണ വിഭാഗം ചീഫ് ശ്രീമതി എൻ. പ്രസന്ന കുമാരി. കില ഡയറക്ടർ ശ്രീ. പി.പി. ബാലൻ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ കെ.പി. സാബുക്കുട്ടൻനായർ എന്നിവർ ഉൾപ്പെടുന്ന ഉപസമിതി പരിശോധിച്ച് വ്യക്തത വരുത്തുന്നതിന് നിർദ്ദേശിച്ചു.

**2.3** 9 നഗരങ്ങൾ നവീകരിക്കുന്നതിനുള്ള AMRUT (ATAL MISSION FOR REJUVENATION AND URBAN TRANSFORMATION) പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ വിഹിതം അവരുടെ പദ്ധതി വിഹിതത്തിൽ നിന്നും ഉപയോഗിക്കുന്നതിന് അനുവദിച്ച് തീരുമാനിച്ചു.

**2.4**

1. നിലവിൽ ഓട്ടോറിക്ഷ/പിക്അപ് ഓട്ടോറിക്ഷ എന്നിവയ്ക്ക് നൽകുന്ന സബ്സിഡി തുക ബാങ്കിലേയ്ക്ക് നൽകുന്നതിന് പകരം വാഹനം നൽകുന്ന സ്ഥാപനത്തിന് നേരിട്ട് ഡി.ഡി.ആയി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. ബാക്കി ലോൺ തുകയാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. വാഹനം വാങ്ങിയശേഷം ആർ.സി. ബുക്കിന്റെ പകർപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ സമർപ്പിക്കേണ്ടതാണ്. എല്ലാ വാഹന സബ്സിഡികൾക്കും ഇത് ബാധക മായിരിക്കും. ബാങ്ക് ലോൺ ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ ബാക്കി തുക ഡീലർക്ക് നൽകി എന്ന് ഉറപ്പു വരുത്തുകയോ ചെയ്തതിനുശേഷമാണ് സബ്സിഡി തുക ഡീലർക്ക് നൽകേണ്ടത്.
2. പല ഗ്രാമപഞ്ചായത്തുകളിലും പട്ടികജാതി വിഭാഗക്കാർക്ക് തങ്ങൾ ആ വിഭാഗത്തിൽപ്പെടുന്നതാണെന്ന് തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം ലഭിക്കുന്ന തിന് ബുദ്ധിമുട്ട് നേരിടുന്നത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ നിലവിലെ സ്ഥിതി തുടരേണ്ടതാണെന്നും തീരുമാനിച്ചു. എന്നാൽ സ്ക്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടികജാതി ആനുകൂല്യം വാങ്ങുന്ന കുട്ടികൾക്ക് ഇങ്ങനെ ആനുകൂല്യം നൽകുന്നതായി സ്ക്കൂൾ അധികൃതർ നൽകുന്ന രേഖയുയുടെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.
3. ഗിരി പ്രദേശങ്ങളിൽ നിർമ്മാണ പ്രവൃത്തികൾക്ക് സാധനം കൊണ്ടു പോകുന്നതിനുള്ള നിലവിലെ കൺവേയൻസ് ചാർജ് പ്രാദേശിക റേറ്റിന് തുല്യമായി വർദ്ധിപ്പിച്ച് തീരുമാനിച്ചു. തലച്ചുമടായി സാധനങ്ങൾ എത്തിക്കേണ്ട

മലപ്രദേശങ്ങളിൽ നിലവിലെ കൺവേയൻസ് ചാർജ് ദൂരത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

4. ഗ്രാമപഞ്ചായത്തുകളിൽ കക്കൂസ് നൽകാനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ശുചിത്വ മിഷൻ തയ്യാറാക്കിയ ലിസ്റ്റ് പുനഃപരിശോധിച്ച് അർഹരായ എല്ലാ ഗുണഭോക്താക്കളെയും ഉൾപ്പെടുത്തേണ്ടതാണ് എന്ന ആവശ്യത്തിന്മേൽ ഗ്രാമസഭ ലിസ്റ്റ് പ്രകാരം മാത്രം തെരഞ്ഞെടുക്കേണ്ട താണെന്നു നിർദ്ദേശിച്ചു.

## 3 പ്രത്യേക വിഷയങ്ങൾ

### 3.1 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

ട്രൈസ്ക്കൂട്ടർ വിതരണം സംബന്ധിച്ച് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന് പുതിയ പ്രോജക്ട് ഏറ്റെടുക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.2 കല്ല്യാശേരി ഗ്രാമപഞ്ചായത്ത് (ബഹു. മട്ടന്നൂർ എം.എൽ.എ ശ്രീ. ഇ.പി. ജയരാജൻ മുഖേന)

വിദൂര വിദ്യാഭ്യാസം വഴി ബിരുദാനന്തര ബിരുദത്തിന് (എം.എ) പഠിക്കുന്ന രണ്ട് പട്ടികജാതി ഗുണഭോക്താക്കൾക്ക് ലാപ്ടോപ് നൽകണമെന്ന ആവശ്യത്തിന്മേൽ ഏത് സർവകലാശാലയിലാണ് പഠിക്കുന്നതെന്നും ഡിഗ്രി മാർക്ക് സംബന്ധിച്ചും വിശദ വിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.3 കല്ല്യാശേരി ഗ്രാമപഞ്ചായത്ത് (ബഹു. മട്ടന്നൂർ എം.എൽ.എ ശ്രീ. ഇ.പി. ജയരാജൻ മുഖേന)

തെരുവു വിളക്ക് പരിപാലനം സംബന്ധിച്ച് ക്രൂസ് മുഖേന നടത്തുന്നതിന് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.4 നെന്മണിക്കര ഗ്രാമപഞ്ചായത്ത്

പുറമ്പോക്ക് നിവാസികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും റോഡ് പുറമ്പോക്ക് ഒഴികെയുള്ള സ്ഥലങ്ങളിൽ റേഷൻ കാർഡും വീട്ടു നമ്പറും ഉള്ള വീടുകളുടെ പുനരുദ്ധാരണത്തിനും കിണർ, കക്കൂസ് നിർമ്മാണം എന്നീ പദ്ധതികൾക്കും സഹായം നൽകുന്നതിന് അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

### 3.5നെന്മ ണിക്കര ഗ്രാമപഞ്ചായത്ത്

അക്ഷയ കമ്പ്യൂട്ടർ സാക്ഷരത പദ്ധതിയുടെ ബാക്കി തുക സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പെരിങ്കടവിള ബ്ലോക്ക് പഞ്ചായത്ത്**

സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി ആവശ്യമില്ലെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 തൃശൂർ ജില്ലാ പഞ്ചായത്ത്**

തെരുവുനായകളിലെ പേ വിഷബാധ നിയന്ത്രണം എന്ന പദ്ധതിയിൽ നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ട്രഷറിയിൽ റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിന് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി. ഇത് ഒഴികെയുള്ള മറ്റ് 5 കാര്യങ്ങളും അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പഞ്ചായത്ത് ഡയറക്ടറുടെ കത്ത്**

പൊതു തീരുമാനം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കൊച്ചി കോർപ്പറേഷൻ (ഫയൽനം.254330/ഡി.സി.1/15/തസ്വഭവ)**

2015–16 വാർഷിക പദ്ധതിയിൽ യശോറാം ചാരിറ്റബിൾ ട്രസ്റ്റുമായി സഹകരിച്ച് 5000 വീടുകളിൽ ജൈവ മാലിന്യ നിർമ്മാർജ്ജനവും ജൈവക്യഷിയും നടപ്പിലാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്മേൽ ഡി.പി.സി.യുടെ അംഗീകാരത്തിനു വിധേയമായി നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു. റീജീയണൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ ഹെൽത്ത് ഓഫീസർ, അഗ്രിക്കൾച്ചറൽ ഓഫീസർ. ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ ഉൾപ്പെടെയുള്ള കമ്മിറ്റി പദ്ധതിയുടെ നിർവഹണം മോണിട്ടർ ചെയ്യേണ്ടതും റിപ്പോർട്ട് നഗരകാര്യ ഡയറക്ടർക്ക് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 8 സ്ക്കൂളുകൾക്ക് വാഹനങ്ങൾ നേരിട്ടു വാങ്ങി നൽകിയ നടപടിക്ക് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പരപ്പ ബ്ലോക്ക് പഞ്ചായത്ത്**

റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാന മന്ദിരത്തിന് സിഡ്കോ മുഖേന ക്യാബിനുകൾ നിർമ്മിക്കുകയും ഫർണിച്ചർ വാങ്ങുകയും ചെയ്ത നടപടിക്ക് സാധൂകരണം നൽകണമെന്ന് ആവശ്യം ഗാമവികസന കമ്മീഷണറുടെ ശുപാർശയ്ക്കും കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിനും വിരുദ്ധമായതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് (ബഹു. ഒറ്റപ്പാലം എം.എൽ.എ ശ്രീ. എം. ഹംസ മുഖേന)**

പത്താം ക്ലാസ്സിനും അതിനു മുകളിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ടാബ്ലറ്റ്/കമ്പ്യൂട്ടർ നൽകാൻ അനുവാദം നൽകണമെന്നും അതുപ്രകാരം മാർഗരേഖയിൽ മാറ്റം വരുത്തണമെന്ന ആവശ്യത്തിന്മേൽ മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 മുട്ടം ഗ്രാമപഞ്ചായത്ത്**

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 500 ലിറ്റർവരെ കപ്പാസിറ്റിയുള്ള സിന്തറ്റിക് ടാങ്ക് നൽകുന്നത് സംബന്ധിച്ച് 22.04.2015-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം ബാധകമാണെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്**

പ്രൊഫഷണൽ, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ അഭാവത്തിൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ/ലാപ്ടോപ് നൽകണമെന്ന ആവശ്യത്തിന്മേൽ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 തഴവ ഗ്രാമപഞ്ചായത്ത് (ഫയൽ നം.23/ഡി.എ2/16/തസ്വഭവ**

വെറ്റിലകൃഷി വികസനം എന്ന പ്രോജക്ടിന് നിലവിലെ സബ്സിഡി മാനദണ്ഡമനുസരിച്ച് ജൈവവളം നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 വടക്കേക്കര ഗ്രാമപഞ്ചായത്ത് (ഫയൽ നം.7/ഡി.ബി1/16/തസ്വഭവ**

സ്പിൽഓവറായി തുടരുന്ന പട്ടികജാതിക്കാർക്കായുള്ള ഭവന പദ്ധതിയിൽ എസ്.സി.പി. ഫണ്ട് ഉപയോഗിക്കാൻ അനുമതി ആവശ്യപ്പെട്ടതിന്മേൽ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 അരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.14/ഡി.എ3/16/തസ്വഭവ**

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികളും മെറ്റീരിയലും കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ മുഖേന നടത്തണമെന്ന് ഉത്തരവുള്ളതുകൊണ്ട് അടിയന്തിര ഘട്ടങ്ങളിൽ മെയിന്റനൻസ് നടത്താൻ കഴിയില്ലെന്നും അതിനാൽ പഞ്ചായത്തിൽ തന്നെ സ്ഥിതി ചെയ്യുന്ന കെൽട്രോൺസ് എന്ന അർദ്ധ സർക്കാർ സ്ഥാപനത്തിൽ നിന്ന് മെറ്റീരിയൽ വാങ്ങാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടതിന്മേൽ നിലവിലുള്ള രീതി തുടരാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 പിണറായി ഗ്രാമപഞ്ചായത്ത് (ഫയൽ നം.40/ഡി.എ2/16/തസ്വഭവ**

രണ്ടു പ്രാവശ്യം ഭേദഗതി വരുത്തിയ പ്രോജക്ടിൽ മിച്ചം വന്ന തുക മറ്റ് പ്രോജക്ടിലേയ്ക്ക് വകയിരുത്തുന്നത് സംബന്ധിച്ച് സോഫ്ട് വെയർ ആപ്ലിക്കേഷനിൽ ആവശ്യമായ ക്രമീകരണം ലഭ്യമാക്കുന്നതിന്

ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 തളിപ്പറമ്പ് നഗരസഭ (ഫയൽ നം.40/ഡി.ബി3/16/തസ്വഭവ**

ഗവ.മാപ്പിള യു.പി. സ്ക്കൂളിലെ കുട്ടികളുടെ യാത്രാ സൗകര്യാർത്ഥം വാഹനം വാങ്ങുന്നതിന് ബഹു. തളിപ്പറമ്പ് എം.എൽ.എ അനുവദിച്ച 10 ലക്ഷം രൂപ തികയാതെ വരുന്നതിനാൽ നഗരസഭയുടെ ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ പദ്ധതി വിഹിതമായി പ്രോജക്ട് വച്ച് വാഹനത്തിന്റെ തുടർ ചെലവുകൾ പി.റ്റി.എ വഹിക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 സ്വതന്ത്ര തൊഴിലാളി യൂണിയൻ കോട്ടയം ജില്ലാ കമ്മിറ്റിയുടെ കത്ത്**

ആശാ വർക്കർമാർക്കുള്ള പ്രതിമാസ ഹോണറേറിയം 1000 രൂപയിൽ നിന്നും 3000 രൂപയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടത് 27.01.2016–ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം 3.8 ബാധകമാണെന്നു നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 എടത്വ ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിന്റെ മാർക്കറ്റിൽ സ്ഥിതി ചെയ്യുന്ന ആർ.ഒ പ്ലാന്റ് ഓപ്പറേറ്റർക്ക് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയത് ഓഡിറ്റ് വിഷയമായതിനാൽ വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

സമ്പൂർണ്ണ ജൈവ പച്ചക്കൃഷി പദ്ധതി ഡി.പി.സി. അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(രാവിലെ 9.15 മണിക്ക് അവസാനിച്ചു)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2016 ഫെബ്രുവരി 10 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അസംബ്ലി ചേമ്പറിൽ കൂടുന്നതിന് തീരുമാനിച്ചു.**